ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ പന്ത്രണ്ടു ക്ഷേമ ബോർഡുകളും രണ്ട് ക്ഷേമ പദ്ധതികളും ഉണ്ട്. അവ ചുവടെ ചേർക്കുന്നു:

1. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്.
4. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
5. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്.
6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്.
7. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്.
8. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്.
9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്.
10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.
11. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമ ബോർഡ്.
12. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്.

സ്കീമുകൾ

1. കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം.
2. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൊഴിൽ നഷ്ടപ്പെട്ട ഷാപ്പ് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിന് നടപടി

37 [468] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ഷാപ്പ് തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് തൊഴിൽ നൽകുന്നതിന് റേഞ്ചടിസ്ഥാനത്തിൽ നൽകിയ ലിസ്റ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ലിസ്റ്റുകളിൽനിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകി എന്നും ഇനി എത്ര പേർക്ക് നിയമനം നൽകുവാനുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) മുൻഗണനാ ലിസ്റ്റുകൾ ലഭ്യമാക്കിയിട്ടും നാളിതുവരെ നിയമനം നടത്താത്ത ഉദ്യോഗസ്ഥരുടെ പേരിൽ അടിയന്തിര ശിക്ഷാനടപടികൾ സ്വീകരിക്കുമോ;

(ഇ) മുൻഗണനാ ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത തൊഴിലാളികൾക്ക് അവരുടെ റേഞ്ചുകളിൽ വരുന്ന ഒഴിവുകളിൽതന്നെ നിയമനം നൽകുവാനും തസ്തിക ഇല്ലാത്ത സ്ഥലങ്ങളിൽ മറ്റ് റേഞ്ചുകളിൽ നിയമനം നടത്താനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട ഷാപ്പ് തൊഴിലാളികളെ ജില്ലാതല സീനിയോറിറ്റി അടിസ്ഥാനത്തിൽ ഒരു കള്ളുഷാപ്പിൽ ഒരാൾ എന്ന നിലയ്ക്ക് നിയമനം നൽകി വരുന്നു.

(ബി) ഇവർക്ക് തൊഴിൽ നൽകുന്നതിന് ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും 4330 തൊഴിലാളികൾക്കാണ് ഇതുവരെ നിയമനം നൽകിയിട്ടുള്ളത്. 6902 തൊഴിലാളികൾക്ക് ഇനിയും നിയമനം ലഭിക്കാനുണ്ട്.

(ഇ) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ സമയത്ത് എഴുതി സൂക്ഷിച്ചിട്ടുള്ള അംഗത്വ രജിസ്ട്രറിലെ രജിസ്ട്രേഷൻ തീയതിയാണ് ജില്ലാതല സീനിയോറിറ്റി പരിഗണിക്കുവാൻ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

(എഫ്) തൊഴിലാളികളെ കഴിവതും അവരുടെ വാസസ്ഥലത്തിന് അടുത്തുള്ള റേഞ്ചുകളിൽ അലോട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly